**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 382** **01-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പ് പുനർസംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് പുനർസംഘടനയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാന കാര്യാലയമായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ 01.11.2022 ലെ സ.ഉ(ആർ.റ്റി) നം. 2660/2022/ തസ്വഭവ പ്രകാരം നിശ്ചയിക്കപ്പെട്ട തസ്തികകളിലേക്ക് വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ പുനർവിന്യാസ നടപടി പുരോഗമിച്ചുവരുന്നു. ഒരേ കാറ്റഗറിയിൽപ്പെടുന്ന ഉദ്യോഗസ്ഥരെ പരസ്പരം മാറ്റിനിയമിക്കുന്നതിനുള്ള നടപടികൾ (ഇന്റർ ട്രാൻസ്ഫറബിലിറ്റി) 2023 ലെ പൊതുസ്ഥലംമാറ്റ വേളയിൽ സ്വീകരിക്കുന്നതാണ്. ഇതിനായി പ്രത്യേകം സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ തയ്യാറാക്കുന്ന നടപടി ഐ.കെ.എം ൽ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി ജില്ലാതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ ആണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ; | (ബി) | ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന നടപടി എല്ലാ ജില്ലകളിലും പുരോഗമിച്ചുവരുന്നു. ജില്ലാതല കാര്യാലയങ്ങളുടെ ഓർഗാനോഗ്രാം അന്തിമമാക്കുന്നതും, ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച് 2023 ജനുവരി 24, 25 തീയതികളിൽ ഒരു ശില്പശാല സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ശില്പശാലയുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് കൂടി പരിഗണിച്ച് ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | ഇന്റഗ്രേഷൻ യാഥാർത്ഥ്യമായതോടുകൂടി ജനങ്ങൾക്ക് ഇതിന്റെ ഭാഗമായി എന്തെല്ലാം സേവനങ്ങൾ ലഭിക്കുമെന്ന് വിശദമാക്കാമോ? | (സി) | വിവിധ വിഭാഗങ്ങൾ നൽകിയിരുന്ന എല്ലാ സേവനങ്ങളും സംയോജിത വകുപ്പിലും തുടരുന്നതാണ്. കൂടാതെ വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നത് വഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക് വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവന പ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സേവനങ്ങൾ ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ